

A.M.L.P. SCHOOL
MANNARAKKAL

# ആമുഖം

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ പൊൻമുണ്ടം പഞ്ചായത്തിലെ ചിലവിൽ മങ്ങാരക്കൽ എന്ന കൊച്ചു ഗ്രാമത്തിൽ ആണ് എന്റെ വിദ്യാലയം.

1929 കാലത്ത് ഈ ഗ്രാമത്തിൽ മുസ്ലീം സമുദായത്തിലുള്ളവർക്ക് തീരെ വിദ്യഭ്യാസം ലഭിക്കാനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. ആ സമയത്ത് നാട്ടിലെ പ്രമാണിമാരായ മാട്ടുമ്മൽ വലിയ മുഹമ്മദ് ഹാജിയും ചെറിയ മുഹമ്മദ് ഹാജിയും ചേർന്ന് 'ഓത്ത് പള്ളിക്കൂടം' എന്ന പേരിൽ ഈ സ്ഥാപനം ആരംഭിച്ചു. പിന്നീട് വയനാട്ടുകാരനായ ബാലൻ, നമ്പീശൻ, CK മുഹമ്മദ് എന്നീ അദ്ധ്യാപകർ ചേർന്ന് പ്രാഥമിക പഠന സൗകര്യങ്ങൾ ഒരുക്കി.

അതിനു ശേഷം ഈ സ്ഥാപനം വേക്കാട്ട് ശ്രീ. ഗോവിന്ദൻ നായർ ഏറ്റെടുക്കുകയും സ്കൂളിന് അംഗീകാരം നേടുകയും ചെയ്തു. പിന്നീട് 'എ.എം.എൽ.പി.എസ്. ചിലവിൽ വെസ്റ്റ്' എന്ന പേരിൽ ഈ വിദ്യാലയം സ്ഥാപിതമായി.

അക്കാദമികവും അക്കാദമികേതരവുമായ രംഗങ്ങളിൽ മികച്ച നിലവാരം പുലർത്താൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ പൊൻമുണ്ടം പഞ്ചായത്ത് കലാമേളയിലും താനൂർ സബ്ജില്ലാ കലാമേളയിലും നമ്മുടെ വിദ്യാലയം രണ്ടാം സ്ഥാനം കരസ്ഥമാക്കി.

ആരൂ ഗ്രന്ഥശാലസംഘം സംഘടിപ്പിച്ച പൊൻമുണ്ടം പഞ്ചായത്ത് തല വായന മത്സരത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തുടർച്ചയായി നേടിയിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടികൾക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.
* മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നതിന് അധ്യാപകർക്ക് ഫലവത്തായ പരിശീലനം നൽകുക.
* ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.
* മുഴുവൻ ക്ലാസുകളിലും ഐ.സി.ടി. സാധ്യത ഉറപ്പുവരുത്തുക.
* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
* വിദ്യാലയം തന്നെ ഒരു പാഠപുസ്തകമാക്കുക.
* ഭാഷാ പഠനത്തിനാവശ്യമായ ലാബുകൾ സജ്ജമാക്കുക.
* ലഘുപഠനയാത്രകൾ, പഠനക്ലാസുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക.
* പുതിയ തലമുറയിൽ കാർഷികാവബോധം വളർത്തിയെടുക്കുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റിനിർത്തുക.
* പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമാക്കുക.

* ജൈവ വൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.
* തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സംവിധാനങ്ങൾ ഒരുക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുക.
* പ്രാദേശിക വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
* വായനാ പ്രോത്സാഹനവും ലൈബ്രറി ശാക്തീകരണവും.
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
* കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

class - I

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവലോകനാ സൂചകം | ചെലവ് |
| --- | --- | --- | --- | --- | --- |
| • ലളിതമായ വായനാ കാർഡുകൾ നിർമ്മിക്കുന്നു. | • കുട്ടിക്ക് കഥ വായിക്കാൻ അവസരം ഒരുക്കൽ (ഭാഷാ വികസനം)<br>• പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു. | ഓഗസ്റ്റ് | | | |
| • കുട്ടികളുടെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘു രചനാ ശിൽപശാലകൾ നടത്തുന്നു. | • ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരകാർഡുകൾ, ചിത്രവായനാ കാർഡുകൾ എന്നിവ തയ്യാറാക്കുന്നു, അവതരിപ്പിക്കുന്നു. | ഓഗസ്റ്റ് | SRG<br>SMC<br>PTA | നിരീക്ഷണം<br>[illegible]<br>[illegible] | PTA<br>SD<br>SSA |
| | • വായനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.<br>• അവധിക്കാല വായനയ്ക്ക് കുട്ടികളെ നയിക്കുന്നു.<br>• ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു. | ഓഗസ്റ്റ് | | | |

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവലോകന സംവിധാനം | ചെലവ് |
|---|---|---|---|---|---|
| • പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് PTA ഉറപ്പാക്കുക. | • പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ. | ജൂൺ | | | |
| • എല്ലാ കുട്ടികൾക്കും സ്വതന്ത്ര ഭാഷണത്തിന് അവസരം. | | | | | |
| • രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചു കേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക. | • വായനോത്സവവും കഥാവേളയും | ജൂൺ | SRG<br>PTA | [illegible]<br>SMC<br>PTA | PTA<br>&<br>SSA |
| • വായിച്ചു കേട്ട കഥ ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക. | • ഒന്നാന്തരം സന്നദ്ധതാ പ്രവർത്തനങ്ങൾ (വിദ്യാപ്രവേശ്) | ജൂൺ | | | |
| • ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനാകാർഡുകൾ വായന (വീടുകൾ/ക്ലാസിൽ) | • വായനാ കാർഡുകൾ | ജൂൺ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | ആവശ്യമായ സൗകര്യം | ചെലവ് |
|---|---|---|---|---|---|
| • പരിചയപ്പെട്ട പാട്ടുകൾ ഭാവത്തോടും ഈണത്തോടും കൂടി സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക. | • അസംബ്ലിയിലെ അവതരണം - ക്ലാസ്സിൽ പാട്ടരങ്ങ്. | ജൂൺ. | | | |
| • ഓരോ കുട്ടിയേയും ഉദ്ദേശിച്ച പഠനലക്ഷ്യത്തിന്റെയും, പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക. | • സംയുക്ത വിലയിരുത്തൽ | ജൂൺ. | | | |
| • ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും, സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുന്നു [illegible] | • വായനക്കൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>• പുസ്തകങ്ങൾ തൊട്ടറിയാനും മറിച്ചു നോക്കാനും ഉള്ള അവസരം ഒരുക്കുന്നു.<br>• ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.<br>• ചെറിയ അക്ഷരപ്പട്ടികകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ കണ്ടെത്തുന്നു. | ജൂലൈ<br>ജൂലൈ<br>ജൂലൈ | | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | ആവശ്യമായ സാമഗ്രികൾ | ചെലവ് |
|---|---|---|---|---|---|
| • ഒന്നു മുതൽ അമ്പത് വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.<br>• അമ്പതുവരെയുള്ള എണ്ണങ്ങളെ പങ്കിടൽ, തുല്യ കൂട്ടൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.<br>• അമ്പതുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.<br>• ഒരേ സംഖ്യകൾ എണ്ണി എഴുതുന്നു എഴുതുന്നു വായിക്കുന്നു.<br>• ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യ | • സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.<br>• സംഖ്യാ കാർഡ് നിർമ്മിക്കൽ.<br>• ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.<br>• സംഖ്യാ കാർഡ് തയ്യാറാക്കുന്നു | ജൂൺ<br>ജൂൺ<br>ജൂലൈ<br>ജൂലൈ | SRG<br>SMC<br>PTA | സാമഗ്രികൾ<br>[illegible]<br>[illegible] | PTA<br>&<br>SSA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം | [illegible] |
|---|---|---|---|---|---|
| ബോർഡ് എന്നെ കുട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു. | • ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. | ഓഗസ്റ്റ് | | | |
| • സംഖ്യകളെ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതുന്നു. | • കൂടുതൽ കുറവ് തിരിച്ചറിയുന്നു. | ഓഗസ്റ്റ് | | | |
| • രണ്ട് അക്ക സംഖ്യകളുടെ സങ്കലനം. | • ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ഓഗസ്റ്റ് | | | |

| Objectives and learning outcomes | Activities | TIME | Support | Presentation | Supervision |
|---|---|---|---|---|---|
| • Respond to simple instructions in the class room. | Introduce symbol words<br>Provides picture cards | JUNE | | | |
| • Describe orally about the pictures and objects. | | | | Balasabha | |
| • Familiarise with simple words | Identifies familiar words<br>Say familiar words<br>Read familiar words<br>Write familiar words. | JULY | SRG | & | PTA |
| • Enjoy songs and sing them with Rhythm and action | Enjoys songs and sings them with rhythm and action | | | Assembly | |
| • Familiarise the names of birds, animals, their young ones and identifies them from pictures. | Describes orally about pictures and objects using adjectives. | AUGUST | | | |

# അക്കാദമിക മാസ്റ്റർപ്ലാൻ

## STD. 2

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ : AMLPS CHILAVIL-WEST

ക്ലാസ് : 2 A&B

ക്ലാസ് ടീച്ചറുടെ പേര് :

ഉപജില്ല : TANUR

ജില്ല : MALAPPURAM

## ഉള്ളടക്കം

1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി-സ്വതന്ത്ര ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. റീഡേഴ്സ് തിയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. വായനോത്സവം

12. ഭാഷോത്സവം
13. ഗണിത കേളികൾ
14. ഗണിത കിറ്റ്
15. പരീക്ഷണങ്ങൾ
16. ലഘു പ്രോജക്ട്
17. പരീക്ഷണ കിറ്റ്
18. രക്ഷിതാക്കൾക്ക് ശിൽപ്പശാല
19. വിജയ സ്പർശം
20. പാനീയമേള
21. ഭക്ഷ്യമേള
22. പലഹാര മേള

## പ്രവർത്തന കലണ്ടർ

**ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവ്വഹണ കാലം**

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ മുതൽ മാർച്ച്
3. സംയുക്ത ഡയറി-ജൂൺ മുതൽ മാർച്ച്
4. പാട്ടരങ്ങ് - ജൂൺ മുതൽ മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ മുതൽ മാർച്ച്
6. റിഡേഴ്സ് തിയേറ്റർ - ജൂലൈ മുതൽ മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ മുതൽ മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം
9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ
10. വായനോത്സവം - ജൂൺ മുതൽ മാർച്ച്
11. ഭാഷോത്സവം - ജനുവരി
12. ഗണിത കേളികൾ - ജൂൺ മുതൽ മാർച്ച്
13. ഗണിത കിറ്റ് - ജൂൺ മുതൽ മാർച്ച്
14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം
15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം
16. പരീക്ഷണ കിറ്റ് - ജൂൺ മുതൽ മാർച്ച്
17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ।
18. വിജയസ്പർശം - ജൂൺ മുതൽ മാർച്ച്
19. പാനീയമേള - ഡിസംബർ
20. ഭക്ഷ്യമേള - ഡിസംബർ
21. പലഹാര മേള - ഡിസംബർ

9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ

10. വായനോത്സവം - ജൂൺ-മാർച്ച്

11. ഭാഷോത്സവം - ജനുവരി-

12. ഗണിത കേളികൾ - ജൂൺ-മാർച്ച്

13. ഗണിത കിറ്റ് - ജൂൺ-മാർച്ച്

14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം

15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരീക്ഷണ കിറ്റ് - ജൂൺ-മാർച്ച്

17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ

18. വിജയ സ്പർശം - ജൂൺ - മാർച്ച്

19. പാനീയമേള - ഡിസംബർ

20. ഭക്ഷ്യമേള - ഡിസംബർ

21. പലഹാര മേള - ഡിസംബർ

AMLPS CHILAVILWEST

## 3 : മലയാളം മധുരം

**പ്രവർത്തന ലക്ഷ്യങ്ങൾ**

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

**ചുമതലകൾ**

ക്ലാസ് ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം** PTA , BRC ( RS : 3000 )

## 4 സംയുക്ത ഡയറി

**ലക്ഷ്യപ്രസ്താവനകൾ.**

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. _ ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- **ചുമതല** -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- **സാമ്പത്തികം** - CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

**ലക്ഷ്യപ്രസ്താവനകൾ**

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം)

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം – BRC ( RS : 1000 )

## 6 സചിത്ര പുസ്തകം.

**-ലക്ഷ്യപ്രസ്താവനകൾ-**

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ ( ജൂൺ )

- ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്

സാമ്പത്തികം CPTA ( RS : 5000 )

## 7 റിഡേഴ്സ് തിയേറ്റർ

**-ലക്ഷ്യപ്രസ്താവനകൾ-**

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റിഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റിഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

- പ്രവർത്തന ഘട്ടങ്ങൾ. - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

- ഏകദിന റിഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ )

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരെഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റിഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു ( ജൂലൈ-മാർച്ച് )

- മികച്ചത് ബാലസഭയിൽ ( എല്ലാമാസവും)

- ഭാഷോത്സവത്തിൽ മികച്ചത് അവതരണം (ഫെബ്രുവരി )

- <u>ചുമതല</u> -ക്ലാസ് ടീച്ചർ.

- <u>സാമ്പത്തികം</u> -BRC RS ( 1000 )

## 8 നാട്ടുവിശേഷം കൂട്ടെഴുത്ത്

**-ലക്ഷ്യപ്രസ്താവനകൾ-**

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

- പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

**- <u>പ്രവർത്തന ഘട്ടങ്ങൾ.</u>**

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫിൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ)

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ to മാർച്ച്)

<u>ചുമതല</u> : ക്ലാസ് ടീച്ചർ , CPTA , SRG

സാമ്പത്തികം : CPTA , BRC ( RS : 1000 )

AMLPS CHILAVILWEST

AMLPS CHILAVILWEST

## -9 - ക്ലാസ് പത്രം

- ലക്ഷ്യപ്രസ്താവനകൾ

- - - ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു

- രചനാശേഷി പരിപോഷിപ്പിക്കുന്നു -

- വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു

- പ്രവർത്തന ഘട്ടങ്ങൾ

-- ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു ( ജൂലൈ അവസാനം)

- CPTA യിൽ പത്രതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു ( ജൂലൈ അവസാനം)

- കണ്ടെത്തലുകളുടെ അവതരണം ( ജൂലൈ - മാർച്ച്)

- കൂട്ടെഴുത്ത് നടക്കുന്നു ജൂലൈ :- മാർച്ച്)

- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി) ചുമതല -ക്ലാസ് ടീച്ചർ - സാമ്പത്തികം - PTA (RS :1000)

## 10 - രചനോത്സവം

- ലക്ഷ്യപ്രസ്താവനകൾ

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- പ്രവർത്തന ഘട്ടങ്ങൾ;

- SRG യിൽ അംഗീകാരം വാങ്ങുന്നു.: ജൂൺ രണ്ടാം വാരം

- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ 3-ാം വാരം

- പ്രതിമാസ രചനോത്സവം ജൂലൈ to ഫെബ്രുവരി)

- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ 1 മാർച്ച് )

- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)

ചുമതല : ക്ലാസ്സ്ടീച്ചർ , CPTA

സാമ്പത്തികം : CPTA , BRC ( RS : 2000)

## 11 വായനോത്സവം

**ലക്ഷ്യപ്രസ്താവനകൾ**

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ ആദ്യവാരം)

CPTA യിൽ ചർച്ച ചെയ്യുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

(ജൂലൈ ആദ്യവാരം)

ഓരോ മാസവും വായനോത്സവം നടത്തുന്നു.

അമ്മ വായന ജൂലൈ മാർച്ച്)

മാതൃകാ വായന അധ്യാപകർ (ജൂലൈ - മാർച്ച്)

**ചുമതലകൾ**

ക്ലാസ് ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം**

CPTA , BRC (RS :5000)

## 12 - ഭാഷോത്സവം

**ലക്ഷ്യപ്രസ്താവനകൾ**

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു
- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

**- പ്രവർത്തന ഘട്ടങ്ങൾ**

- ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.
- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.
- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു
- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു
- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.
- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

**ചുമതല** : ക്ലാസ്സ് ടീച്ചർ , CPTA , BRC

**സാമ്പത്തികം** : SRG , CPTA ( RS : 3000 )

## 13 ഗണിത കേളികൾ

**ലക്ഷ്യപ്രസ്താവനകൾ**

കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു

യുക്തിബോധം വളർത്തുന്നു.

**പ്രവർത്തനങ്ങൾ**

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)

ഡൊമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണനം)

കാലാവധി - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ് ടീച്ചർ

SRG

**സാമ്പത്തികം**

CPTA ,

SSK ( RS : 2000 )

## 14 ഗണിത കിറ്റ്

**ലക്ഷ്യപ്രസ്താവനകൾ**

ELPS മുഖേനെ ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്

ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

**പ്രവർത്തനങ്ങൾ**

10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.

കാലയളവ് - ജൂൺ - മാർച്ച്

**ചുമതലകൾ**

ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം**

PTA

SSK ( RS : 3000 )

## 15 പരീക്ഷണങ്ങൾ

**ലക്ഷ്യപ്രസ്താവനകൾ**

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു

യുക്തിചിന്ത വളർത്തുന്നു

**പ്രവർത്തനങ്ങൾ**

പാഠ ഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയുംചെയ്യുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

**ചുമതലകൾ**

ക്ലാസ് ടീച്ചർ

CPTA

**സാമ്പത്തികം**

SSK

PTA

( RS : 5000 )

## 16 ലഘു പ്രോജക്ട്

**ലക്ഷ്യപ്രസ്താവനകൾ**

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക

**പ്രവർത്തനങ്ങൾ**

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയുന്നു.

കാലയളവ് - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ്ടീച്ചർ

SRG

PTA

**സാമ്പത്തികം**

PTA

SSK

(1000)

## 17 പരീക്ഷണക്കിറ്റ്

### ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായിചെയ്യുന്നതിന്

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

- ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക

### പ്രവർത്തനങ്ങൾ

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായപരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

സാമ്പത്തികം: CPTA , SSK

( RS : 2000 )

## 18 രക്ഷിതാക്കൾക്ക് ശില്പശാല

### ലക്ഷ്യപ്രസ്താവന

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.

പാഠ ഭാഗങ്ങളും പാഠ വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

### പ്രവർത്തനങ്ങൾ

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തകം ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

കാലയളവ്

ജൂലൈ

ഒക്ടോബർ

ജനുവരി

### ചുമതലകൾ

SRG

HM

ക്ലാസ്ടീച്ചർ

### സാമ്പത്തികം

SSK

PTA

(8000)

## 19 വിജയ സ്പർശം

### ലക്ഷ്യ പ്രസ്താവനകൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

### പ്രവർത്തനങ്ങൾ

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.

വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

### സാമ്പത്തികം

PTA

SSK

(5000)

## 20 പാനീയമേള

### ലക്ഷ്യപ്രസ്താവനകൾ

ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരണമാണെന്ന് തിരിച്ചറിയുന്നതിന്

- ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

### പ്രവർത്തനങ്ങൾ

- SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു

### ചുമതലകൾ

ക്ലാസ് ടീച്ചർ

HM

**സാമ്പത്തികം** CPTA ( RS : 1000 )

## 21 ഭക്ഷ്യമേള

**ലക്ഷ്യപ്രസ്താവനകൾ**

- പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ : CPTA ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : (RS : 1000)

## 22 പലഹാരമേള

**ലക്ഷ്യപ്രസ്താവനകൾ**

പല തരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്

- അവ ഉണ്ടാക്കുന്ന വിധം മനസ്സിലാകുന്നതിന്

- ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

-പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാര മേള സംഘടിപ്പിക്കുന്നു

ചുമതലകൾ : CPTA ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

# Academic master plan
# ENGLISH

**Aim**

To speak, read and write English without any mistakes

**Time**

June to March

**Pre. test**

To check the vocabulary and writing skills of pupils.

## June and July

To develop listening skills and reading skills.

### Listening skills

Action songs, Games, Conversation etc

### Speaking skills

1. Identify the naming words from the picture.
2. Identify the action words from the same picture.
3. Make simple sentences using the action words and naming words
4. Growing sentences
5. Make simple description about the picture.
6. Picture reading, self introduction assembly are also conducted.
7. Sing the songs with proper rhythm and actions.

### Activities

Self introduction, Making word web. Drawing pictures of fruits, vegetables, rainbow etc.

## August and September

Develop the creative speaking and writing

## Reading skills

1. rhyming words
2. book review
3. describing words
4. Textbook activities
5. Collect and read past tense

## Writing skills

1. Make word web
2. Picture description with describing words.
3. word chain, sentence chain
4. make words & sentences
5. makes riddles, conversations
6. add more lines

## Activities

Self introduction, book review
Making rainbow and kite and colouring

## October and November

To express thoughts, feelings etc

## Reading skill

1. Reading, book review, library books reading
2. Conversations
3. Read stories
4. Develop story
5. Read notice

## Writing skills

1. Making word web
2. Picture description,
3. word chain, sentence chain
4. make riddles, conversations
5. add more lines

## Activities

riddles, make descriptions, growing sentences, self introduction add more lines.

## December and January

Develop the creative speaking and writing

To express thought, feelings etc.

## Reading skill

1. News paper reading, book review, library books reading
2. Conversations, skit etc
3. Reads diary
4. Develop story
5. Read letters from friends

## Writing skills

1. Diary
2. Letter
3. Announce ment

## Activities

Speech, Describe the picture arrange the words in alphabetical order, conversation

## February and March

To improve the presentation power

### Reading skill

1. News paper reading, book review, library books reading reading
2. Conversation, skit
3. Develop story
4. Reads diary

### Writing skills

1. Letter
2. Diary
3. Description
4. Announcement
5. add more lines

### Activities

Describe the picture, textbook activities, conversation skit, follow simple instructions. interact using simple dialogues.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# STD - 3

AMLPS CHILAVILWEST

മാസ്റ്റർ പ്ലാൻ

ആമുഖം :-

കുട്ടികളുടെ സമഗ്ര വികസനമാണ് എല്ലാരക്ഷിതാക്കളും ആഗ്രഹിക്കുന്നത്. കുട്ടികൾ മാനസികമായും, ശാരീരികമായും, വൈജ്ഞാനികമായ എല്ലാ നേട്ടങ്ങളും കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ജൂൺ മുതൽ **ഒക്ടോബർ** വരെ 3-ാം ക്ലാസ്സിലെ കുട്ടികൾ നേടേണ്ട ശേഷികൾ കൈവരിച്ചുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ലക്ഷ്യം :-

- ക്ലാസ്സിലെ മുഴുവൻ കുട്ടികളും തെറ്റില്ലാതെ എഴുതാനും, വായിക്കാനും കഴിയുന്നവരാകണം. (ഭാഷാപരമായ വിനോദാവസ്ഥ പരിഹരിക്കൽ)
- കുട്ടികൾ എല്ലാവരിലും, സ്നേഹം, സഹാനുഭൂതി, സഹകരണം, സഹവർത്തിത്വം ഉണ്ടാവണം.
- സഹപ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത മൂല്യങ്ങൾ സ്വാംശീകരിക്കുകയും, അവ ജീവിതത്തിൽ പ്രയോഗിക്കുകയും വേണം.
- താളബോധം തിരിച്ചറിയുന്നതിലൂടെ ഭാഷാ പരിപോഷിതമാകുന്നു.

- കവിതകളും, പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു
- രചനകൾ ഭാവാത്മകമായി വായിക്കും.
- കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല് വായിക്കുകയും പിന്നീട് അവസരങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നു.
- സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
- നാടോടിക്കഥകൾ, ചെറുകഥകൾ, ചിത്രീകരിക്കുകയും, വീഡിയോസ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കുന്നു

പ്രവർത്തന പദ്ധതികൾ

ജൂൺ - ജൂലൈ

- പ്രീടെസ്റ്റ്
- അവലോകനം
- വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു
- CPTA

1. നാടൻ പാട്ട് ശേഖരണം (താളം കണ്ടെത്തൽ)
2. വായ്ത്താരികൾ ശേഖരിക്കൽ (ചൊല്ലൽ)
3. കവിത ചൊല്ലൽ
4. കടങ്കഥാ പയറ്റ്
5. കലാകാരന്മാരെ പരിചയപ്പെടൽ അഭിമുഖം
6. പാവനാടകം (ICT)
7. വീഡിയോസ് തിയേറ്റർ

AMLPS CHILAVILWEST

ആഗസ്റ്റ്, സെപ്തംബർ

പലഹാരപ്പൊതി

- ചിത്രീകരണം
- പലഹാര മേള
- പലഹാരപ്പാട്ടുകൾ ശേഖരണം
- വാചക കുറിപ്പ്

CPTA - മികവുത്സവം

ഒക്ടോബർ

മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിക്കാരനുമായി അഭിമുഖം
- വിത്ത് ശേഖരണം
- കൃഷിപ്പാട്ട്, കൃഷിച്ചൊല്ല് ശേഖരണം
- സംയുക്ത ഡയറി, ഡയറിക്കുറിപ്പ്
- കുറിപ്പ് തയ്യാറാക്കൽ
- നോട്ടീസ് തയ്യാറാക്കൽ.
- കൃഷി അനുഭവ വിവരണം (പതിപ്പ്)

സമയം : ജൂൺ - ഒക്ടോബർ വരെ

പിന്തുണ : P.T.A
ICT
SSG
Library.
കർഷകർ,
കലാകാരൻ

| Aims | Activities | Time (Period) | Support |
|---|---|---|---|
| Listening<br>To speak read and write | - pretest<br>- English Assembli<br>- News reading | -- -- | P.T.A<br>S.S.G |
| Speaking<br>To develop speaking skills through different ways | - Hello English<br>- conversation<br>- Exercises through English<br>- Self introduction<br>- informal interaction<br>- Story telling<br>- Reeding Health (in all units) | June — | ICT<br>Library<br>Class activities |
| Reading<br>To improve reading skills<br>To improve presentation power | - news reading<br>- Story telling<br>- Reeding Health<br>- English corner<br>- Reed and Rojoice | — March | news paper |
| Writing<br>Develop the creativity speaking and writing<br>To express thought and feeling etc | - My creativity space in TB<br>- Speech bubble<br>- Creative writing | | Small stories |

AMLPS CHILAVILWEST

[illegible]ം: മാസ്റ്റർ പ്ലാൻ

ആമുഖം: കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത. ഒരുക്കേണ്ട് പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അലിവ് ആർദ്രത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ നല്ല പൗരന്മാരാക്കി മാറ്റുക.

ലക്ഷ്യം:

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തി എടുക്കുക.
- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.

പ്രവർത്തന പദ്ധതികൾ

* ജൂൺ - ജൂലായ്

* പ്രീടെസ്റ്റ്
* അവലോകനം
* പ്രകൃതിനടത്തം.

- വൃക്ഷത്തൈ നടൽ
- നട്ട വൃക്ഷത്തെ പരിപാലിക്കൽ (ചർച്ച) പരിസര മലിനീകരണം
- പരിസര മലിനീകരണം.
ജല മലിനീകരണം.
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

ജൂലായ് - സെപ്റ്റംബർ

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- പക്ഷി നിരീക്ഷണത്തിന് അവസരം.

സെപ്റ്റംബർ - ഒക്ടോബർ

- ദിനകൃത്യങ്ങൾ
- ഓരോ ദിനവും പ്രധാനകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.
- ദിവസ പരിശോധന - ചുമതലക്ക് ഗ്രൂപ്പുകളാക്കുന്നു.
- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.
- ക്ലാസ്സ്, പരിസരശുചിത്വം
- വ്യക്തി ശുചിത്വം, ക്ലാസ്സും, പരിസരശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
- പരിസരങ്ങളിൽ പതിക്കുന്നു.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ് - 3

ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളും കളികളും സർഗാത്മക പ്രവർത്തനങ്ങളും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകും വിധം പ്രവർത്തനങ്ങൾ കോർത്തിണക്കിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ വളർത്തുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം, രണ്ടക്കം, മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടണം. നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠനം ലക്ഷ്യം വെക്കുന്നു.

നിത്യ ജീവിത സന്ദർഭങ്ങളിലെ ഗ...
സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങ...
വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള
ശേഷി കൈവരിക്കുന്നതിന് ഒന്നാം ക്ലാസിൽ ലക്ഷ്യമിട്ട
മറ്റ്, ഗണിതത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർ...
ആളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകക അള...
സെന്റീമീറ്റർ മീറ്റർ എന്നിവ പരിചയപ്പെടുന്നതിന്
അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ ടാപ്പ് എ...
ഉപയോഗിച്ചും നീളം കൃത്യമായി അളക്കാൻ ഉള്ള
അവസരമാണ് ഒരുക്കിയിട്ടുള്ളത്. ഈ യൂണിറ്റുകൾ തമ്മി...
പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്ര...
ആളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയി...
അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമ...
അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗണന
വസ്തുക്കൾ സംബന്ധിച്ച ധാരണ കൈവരിക്കുന്ന...
ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവ...
പിക്കുന്നു. ഗണന ചിന്തയോടൊപ്പം ഗണന ചിന്ത...
ഉള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ - ജൂലായ്.

യൂണിറ്റ് - 1 - രൂപങ്ങൾ വരയ്ക്കാം.

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.
ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ച...
ത്ത് രേഖപ്പെടുത്താൻ ഗോവണ നിർമ്മാണം ഗോവ...
നിർമ്മാണം (കളർ A4) പേപ്പറിൽ പ്രിന്റിംഗ് ചതുരം
വട്ടം ത്രികോണം എന്നീ രൂപങ്ങൾ കുട്ടികൾ നിർമ്മി...

ജൂലായ് - ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി ഗണിത ശില്പശാല
നിർമ്മിക്കേണ്ടത് - 1 മുതൽ 100 വരെ ടോക്കൺ കാർ...
നോട്ടുകൾ ഓരോ നോട്ടുകളും 10 എണ്ണം വീതം ക...
കെട്ടുകൾ, സ്ട്രാ സ്ട്രിപ്പുകൾ അബാക്കസ് നിർമ്മാണം.

ആഗസ്റ്റ് - സെപ്റ്റംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം.

ഒക്ടോബർ

സ്കെയിൽ നിർമ്മാണം കുട്ടികളുടെ ഉയരം റെക്കോ...
തൂക്കം, ക്ലാസ്.

നവംബർ - ഡിസംബർ

ഗണന വസ്തുത കാർഡ് നിർമ്മാണം.

അക്കാദമിക മാസ്റ്റർ പ്ലാൻ — ഭാഷ - IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | വിഭവങ്ങൾ | സാമ്പത്തികം | സന്ദർഭം |
|---|---|---|---|---|---|
| ⇒ വായന/ലേഖനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | - ലഘുവായന കാർഡ് വായന സാമഗ്രികൾ ഉപയോഗിച്ച് വായന/ലേഖനം മെച്ചപ്പെടുത്തുന്നതിന് സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>- കുട്ടികൾ സ്വയം വായനാ സാമഗ്രികൾ തയ്യാറാക്കൽ / സംഘം / ഗ്രൂപ്പ് (മീറ്റിംഗ്)<br>- രചനാ പരിചയ കുറിപ്പ് തയ്യാറാക്കൽ<br>- സർഗ്ഗോത്സവം - അവതരണം (ദിന<br>- കിളിക്കൊഞ്ചൽ ശേഖരിപ്പിക്കാനും) | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | Class lib<br>SRG | Rs 500- | ക്ലാസ്സ്. |
| ⇒ ആസ്വാദകരമായ വായനാനുഭവം ഉറപ്പാക്കൽ | പാഠപുസ്തകവും വായിച്ച് മെച്ചപ്പെടുത്താനും വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ - പങ്കുവെക്കൽ - കുറിക്കൽ - വായന സന്ദർഭം ഒരുക്കൽ.<br>= അമ്മ വായന | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്. | Class lib<br>രക്ഷിതാക്കൾ | Rs 500- | ക്ലാസ്സ്<br>സ്കൂൾ |

AMLPS CHILAVILWEST

| | പ്രവർത്തനങ്ങൾ | സമയക്രമം | പങ്കാളിത്തം | സാമ്പത്തികം | [illegible] |
|---|---|---|---|---|---|
| വായിച്ച രചനകളെ കുറിച്ച് പങ്കുവെക്കാനുള്ള അവസരം<br>രചനകളിൽ ഏർപ്പെടാൻ അവസരം<br>വായിച്ച കഥ/കവിതാഭാഗങ്ങളും ഉൾക്കൊണ്ട് കൊണ്ട് അവതരിപ്പിക്കൽ<br>വായനാ രചനക്കുറിപ്പ് നിർമ്മാണത്തിൽ ഏർപ്പെടൽ | - വായിച്ച രചനകളെ കുറിച്ച് സ്വതന്ത്രമായി പറയാനും, എഴുതാനും അവസരം<br>- വായന രചനാ കുറിപ്പ് നിർമ്മാണം<br>- സ്കിറ്റ് നിർമ്മാണം<br>- Role play അവതരണം | ജൂൺ - മാർച്ച് | ക്ലാസ്സ് + രക്ഷിതാക്കൾ | 500/- | ഒരു വർഷം [illegible] ക്ലാസ്സ് CPTA [illegible] |
| എല്ലാ കുട്ടികളുടെ വീട്ടിലും ക്ലാസ്സിലും ഒരു ലൈബ്രറി ഉണ്ടാക്കൽ | - പിറന്നാളിന് "ഒരു പുസ്തകം" സമ്മാനം<br>- പിറന്നാളുകാരന് "ഒരു പുസ്തകം" സമ്മാനം<br>- വീട്ടിലെ പഴയ ലൈബ്രറി പുസ്തകങ്ങൾ സ്കൂളിലേക്ക്<br>- വായനശാല - സന്ദർശനം | ജൂൺ - മാർച്ച് | class Tr<br>Parents | 1500/- | വീട്<br>ക്ലാസ്സ് |
| വായനാനുഭവങ്ങൾ ഉൾപ്പെടുത്തി രചനകളിൽ ഏർപ്പെടൽ | - എല്ലാ കുട്ടികളും വായിച്ച പുസ്തകങ്ങളുടെ രചനാ പരിചയക്കുറിപ്പ് ഉണ്ടാക്കൽ<br>- Reader's [illegible] | ജൂൺ - മാർച്ച് | class Tr<br>രക്ഷിതാക്കൾ<br>P.T.A | 2000/- | [illegible] |

AMLPS CHILAVILWEST

| | | Period | Duties | Source |
|---|---|---|---|---|
| Improving the ability to speak and write English effectively | English Assembly (Students) twice in a week<br>Prelist (At the beginning) English word.<br>One day one word<br>Let's tell. | 1 year | Class Tr<br>ICT | |
| Ability to write English without errors | Write down simple words you use daily at home and at school | 1 year | Class Tr | 300/- |
| To develop creative thinking and skills | English Theatre<br>Transforming english lessons into creative skills (Skit, drama, roleplay) | once a month | Class Tr | 300/- |
| To develop creative writing skills | Story books developing<br>Story books preparation<br>Reader's theatre<br>Creative space. | once in 3 months | HM<br>Class Tr<br>P.T.A | 500/- |
| To develop Communicative skills | English day (1 day)<br>Speak in English | 1 year | Class Tr<br>P.T.A | 300/- |
| To develop reading skills | English Corner (Reading materials) | 1 year. | Class Tr<br>P.T.A | 1000/- |

AMLPS CHILAVILWEST

... പഠനം. ക്ലാസ് - IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രശ്നനിർദ്ധാരണം, നിരീക്ഷണം അറിവ് നിർമ്മാണം. | ടേബിളോട്സ് ഫീൽഡ് ട്രിപ്പ്. | ആവശ്യാനുസരണം. | H.M ക്ലാസ്സ് ടീച്ചർ C.P.T.A | 5001- |
| ശാസ്ത്രമേള ശാസ്ത്ര പഠനം ലളിതവും, രസകരവുമാക്കാൻ | ശാസ്ത്ര പുസ്തകങ്ങൾ സാമഗ്രികൾ ലഘു പരീക്ഷണങ്ങൾ | വർഷം മുഴുവൻ | HM SRG ക്ലാസ്സ് ടീച്ചർ P.T.A. | 7501- |
| ശാസ്ത്ര യാത്ര ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ | ആവാസ വ്യവസ്ഥ, ഔഷധോദ്യാനം സന്ദർശനം. | ആവശ്യാനുസരണം. | H.M SRG കർഷകർ | 5001- |
| ഭൂപടം ഒരുക്കൽ കേരളം, ഇന്ത്യ പരിചയം. | ഭൂപട വായന, ഭൂപടം നിർമ്മാണം, വരക്കൽ നിറം നൽകൽ | വർഷത്തിലൊരിക്കൽ | H.M CP.T.A SRG Class ടീച്ചർ | 7501- |
| ശാസ്ത്ര ചുമർ പഠനം രസകരമാക്കാൻ | ശാസ്ത്ര വാർത്തകൾ, ചിത്രങ്ങൾ, ICT പ്രദർശനം | വർഷം മുഴുവൻ | CPTA SRG ക്ലാസ്സ് ടീച്ചർ | 5001- |
| ശാസ്ത്രോത്സവം ശാസ്ത്ര പഠനത്തിൽ നേടിയ അറിവ് പ്രദർശനം | പതിപ്പ്, ചാർട്ട്, ആൽബം പഠനോപകരണം. പരീക്ഷണം, പ്രദർശനം. | വർഷത്തിലൊന്ന് | P.T.A H.M SRG | 10001- |

AMLPS CHILAVILWEST

| | | | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളിക്കാം/ഗണിക്കാം<br>ഗണിത പഠനം രസകരമാക്കാൻ (ചെസ്സ് കേളികൾ ലളിതമാക്കൽ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ (ഡൈസ്- സംഖ്യാനിർമ്മാണം - കച്ചവടകളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ P.T.A | 500/- |
| ഒറിഗാമിയിലൂടെ ഗണിതം<br>ഗണിത ശാസ്ത്രപഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം | ഉചിത സമയം | ക്ലാസ് ടീച്ചർ | 750/- |
| ഗണിത പെട്ടി<br>ഗണിത പഠന പ്രവർത്തനം സുഗമമാക്കൽ<br>ഗണിതമേള: ഗണിത ശേഷികളുടെ പ്രകടനം | ഗണിത പെട്ടി ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ<br>- പ്രശ്നോത്തരി, പസിൽ, പാറ്റേൺ<br>- പഠന ഉല്പന്ന പ്രദർശനം | വർഷം മുഴുവൻ<br>വർഷത്തിൽ ഒരു തവണ | രക്ഷിതാക്കൾ SRG ക്ലാസ് ടീച്ചർ | 1500/- |
| ഗണിത ചുമർ<br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | രക്ഷിതാക്കൾ SRG ക്ലാസ് ടീച്ചർ | 250/- |

1929

AMLPS CHILAVIL WEST